153 (710) ചാവക്കാട് നഗരസഭ സ്ഥലം വാങ്ങിയ നടപടി

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭ മത്സ്യ മാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ തുടങ്ങുന്നതിനുവേണ്ടി സ്ഥലം വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളുള്ളതായും അഴിമതി നടന്നതായും സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കാട്ടേഷനുകൾ ലഭിച്ചിരുന്നുവോ എന്നും എത്ര കാട്ടേഷൻ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശസംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ടതും, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെടുത്ത സ്ഥലം ഉപ്പുവെള്ളപ്രദേശമാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാട്ടേഷൻ പ്രകാരം അപേക്ഷ സമർപ്പിച്ചവരുടെ കൈവശം ഉള്ള ഭൂമിതന്നെയാണോ ഈ ആവശ്യങ്ങൾക്കായി നഗരസഭ വാങ്ങിയത് എന്നു വ്യക്തമാക്കുമോ;

(ഇ) നഗരസഭ ഭൂമി വാങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ സർക്കാർ എന്ത് നടപടിയാണു സ്വീകരിച്ചത് എന്നും ഇപ്പോഴത്തെ അവസ്ഥയും അറിയിക്കുമോ;

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മത്സ്യമാർക്കറ്റിനുവേണ്ടിയുള്ള സ്ഥലത്തിന് ഒരു കാട്ടേഷനും. വ്യവസായ എസ്റ്റേറ്റിനുവേണ്ടി മൂന്നു കാട്ടേഷനും ലഭിച്ചിരുന്നു.

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശസംരക്ഷണ നിയമപ്രകാരം നഗരസഭ പ്രദേശത്ത് സി.ആർ.ഗ്രേഡ്-2-ൽ ഉളവുചെയ്ത ഭാഗത്തുള്ളതും, മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള സ്ഥലം ഉപ്പുവെള്ളം കയറാത്തതുമാണ്.

(ഡി) കാട്ടേഷൻപ്രകാരം മത്സ്യമാർക്കറ്റിനുവേണ്ടി മണത്തല വില്ലേജിലെ 290/1 സർവ്വേ നമ്പരിലെയും മിനി വ്യവസായ എസ്റ്റേറ്റിനുവേണ്ടി മണത്തല വില്ലേജിലെ റീസർവ്വേ നമ്പർ 321/2 എന്നീ സർവേ നമ്പരുകളിലും പെട്ട ഭൂമി നിയമാനുസൃത ക്രയവിക്രയാധികാരമുള്ളവരിൽനിന്ന് തന്നെയാണ് വാങ്ങിയിട്ടുള്ളത്.

(ഇ) ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ച പരാതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന അന്വേഷണം നടത്തിയതിനു പുറമെ ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. 16397/99 തീയതിയിലെ വിധിന്യായപ്രകാരം ബന്ധപ്പെട്ടവരെ 22.11.1999ൽ നേരിൽ കേൾക്കുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങിയതിൽ ദുരുദ്ദേശം ഇല്ലെന്നും പരാതി നിലനിൽക്കത്തക്കതല്ലെന്നും കണ്ടെത്തുകയുണ്ടായി.

154 (711) നഗരസഭ വാങ്ങുന്ന ഭൂമികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭ വാങ്ങുന്ന ഭൂമികൾക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly